TUESDAY 29-11-2022 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Sreekala S Editor : Dr. Saritha Vijayan K



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/11/2022.

1. കൊല്ലം ജില്ലയിലെ കാർഷിക മേഖലയിൽ വിവിധ തലങ്ങളിൽ മികച്ച നേട്ടം കൈവരിച്ചവർക്കുള്ള അവാർഡ് ദാനവും കാർഷിക സെമിനാറും ഇന്ന് (നവംബർ 29) രാവിലെ 9 മണി മുതൽ ഏരൂർ, ഓയിൽപാം, പാം വ്യൂ കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. ഇതിന്റെ ഉദ്ഘാടനം പുനലൂർ എം.എൽ.എ പി.എസ് സുപാലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

2. കൃഷിയിടത്തിൽ നിന്നും ഉത്തരവിറക്കി തലശ്ശേരി കൃഷിദർശന് കൊടിയിറക്കം. ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കണമെന്നും അതിലൂടെ സാംസ്ഥാനത്തെ കാർഷിക സ്വയം പര്യാപ്തതയിലേക്ക് എത്തിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. തലശ്ശേരി പിണറായി കൺവെൻഷൻ സെന്ററിൽ കൃഷിദർശന്റെ സമാപന സമ്മേളനം ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷിമന്ത്രി പി പ്രസാദിന്റെ അദ്ധ്യക്ഷത യിലായിരുന്നു 5 ദിവസം നീണ്ടു നിന്ന കൃഷിദർശൻ പരിപാടിയുടെ സമാപന സമ്മേളനം നടന്നത്. 2020 ൽ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവെന്നും ഉടനെ തന്നെ പുതുതായി അഞ്ച് ഇനം പച്ചക്കറികൾക്ക് കൂടി അടിസ്ഥാന വില പ്രഖ്യാപിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഫുഡ് പാർക്കുകൾ പൂർത്തിയായിവരുന്നുണ്ട്. വയനാട് കോഫീ പാർക്ക്, പാലക്കാട് ഫുഡ് പാർക്ക്, ചേർത്തല ഫുഡ് പാർക്ക്, ഇടുക്കി സ്പൈസസ് പാർക്ക് എന്നിങ്ങനെ വിവിധ പാർക്കുകളാണ് അതാതു മേഖലകളിൽ വിഭാവനം ചെയ്തിരിക്കുന്നത് . തലശ്ശേരിയിൽ അടുത്ത 4 വർഷം 100 കോടിയുടെ നിക്ഷേപ പ്രവർത്തനങ്ങൾ കാർഷിക മേഖലയിൽ നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

3. കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ സംസ്ഥാനത്തെ 30 തൊഴിൽരഹിതരായ കാർഷിക എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് കാർഷിക യന്ത്ര പ്രവർത്തനസേവനത്തിൽ 20 ദിവസത്തെയും സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തൊഴിൽരഹിതരായ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്/ഡീസൽ മെക്കാനിക്/ മെക്കാനിക്ക് അഗ്രിക്കൾച്ചർ മെഷിനറി/ മെക്കാനിക്കൽ

സർവീസിംഗ് ആന്റ് അഗ്രോ മെഷിനറി/ഫാം പവ്വർ എഞ്ചിനീയറിംഗ്/ മെക്കാനിക്ക് ട്രാക്റ്റർ എന്നീ ട്രേഡിൽ ഐ.റ്റി.ഐ/വി.എച്ച്.എസ്.ഇ കോഴ്സ് പാസായവരിൽ നിന്നും തെരെഞ്ഞടുക്കുന്ന 20 പേർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെയും പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **ഡിസംബർ 05** നു വൈകിട്ട് 5 മണിക്ക് മുമ്പായി കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ spokksac1@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷകൾ അയയ്ക്കേണ്ടതാണ്. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും മിഷന്റെ **8281200673** എന്ന വാട്ട്സാപ്പ് നമ്പരിലൂടെ അല്ലെങ്കിൽ ഇ-മെയിൽ വഴി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

4. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ പൂക്കോട് ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാമിലെ, അധികമായി നിലനിൽക്കുന്ന നാടൻപശുക്കൾ, മലബാറിആടുകൾ, ഗ്രാമശ്രീ പൂവൻ കോഴികൾ എന്നിവയെ ഇന്ന് (നവംബർ 29) പൂക്കോട് സർവ്വകലാശാലാ ഫാമിൽ വച്ച് പൊതുലേലം വഴി വിറ്റഴിക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 10.00 മണിയ്ക്ക് ലേലത്തിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള കൗണ്ടറിൽ നിരതദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9497720137, 9496346187** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉത്പാദിപ്പിക്കുന്ന കെപ്കോ കേരള ചിക്കൻ (ചിൽഡ്-ഫ്രഷ്, ഫ്രോസൺ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും) വിൽപ്പന നടത്തുന്നതിന് കൊല്ലം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഡിസംബർ 09**-ന് മുമ്പ് മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ **9495000921** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കാർഷിക സർവകലാശാലയുടെ കൊട്ടാരക്കര സദാനന്ദപുരത്തുള്ള കൃഷി ഗവേഷണ കേന്ദ്രത്തിൽ **തേനീച്ച വളർത്തൽ, കൂൺ കൃഷി** എന്നിവയിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഡിസംബർ ആദ്യവാരമാണ് പരിശീലനം. ഡിസംബർ രണ്ട് വരെ പേര് രജിസ്റ്റർ ചെയ്യാം. തേനീച്ച കൃഷിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **7907014734** എന്ന ഫോൺ നമ്പരിലും**,** കൂൺ കൃഷിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **8848914791** എന്ന ഫോൺ നമ്പരിലും ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** ഡിസംബർ 05 മുതൽ 09 വരെ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം, റബ്ബർകോമ്പൗണ്ടിങ്, പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

## കാർഷിക നിർദ്ദേശങ്ങൾ

8. തണ്ണിമത്തൻ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന കർഷകർ ഇതിനായി നഴ്സറി തയ്യാറാക്കേണ്ടതുണ്ട്. കൃഷിയ്ക്കായി വിത്തുകൾ പ്രോട്രേയിൽ പാകി നഴ്സറി തയ്യാറാക്കുന്നതിനു അനുയോജ്യമായ സമയമാണിപ്പോൾ. ചകിരി ചോറും ചാണകപ്പൊടി മണ്ണിര കമ്പോസ്റ്റും 1: 1 :1 അനുപാതത്തിൽ പ്രോട്രേകളിൽ നിറക്കാനുള്ള മാധ്യമം ആയി ഉപയോഗിക്കാം. ഇങ്ങനെ തയാറാക്കിയ മാധ്യമത്തിലേക്ക് 15 മുതൽ 20 ഗ്രാം വരെ സ്യൂഡോമോണസ് ഒരു കിലോ മാധ്യമത്തിന് എന്ന തോതിൽ ചേർത്ത ശേഷം പ്രോട്രേകൾ നിറയ്ക്കുക. വിത്തിടുന്നതിനു മുന്നേ 8 മണിക്കൂർ സ്യൂഡോമോണസ് ലായനിയിൽ മുക്കി വെച്ച ശേഷം വിത്തിടാകുന്നതാണ്. കൃഷിക്കായി തിരഞ്ഞെടുത്ത സ്ഥലത്തു കുമ്മായം ചേർത്ത് കൃഷിക്കായി ഒരുങ്ങേണ്ടതുണ്ട്.

9. വെണ്ടയിൽ ഇലപ്പുള്ളി രോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കജശ. രോഗം മൂർച്ഛിക്കുകയാണെങ്കിൽ മാങ്കോസേബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന് തോതിൽ കലക്കി തളിച്ചു കൊടുക്കുക.